പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നമ്പർ. 4519 — 22.07.2015-ൽ മറുപടിക്ക്

## വിജിലൻസ് കേസുകൾ സമയബന്ധിതമായി പൂർത്തിയാക്കാൻ കർമ്മപരിപാടികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.എ. മാധവൻ<br>" എ.പി.അബ്ദുള്ളക്കുട്ടി<br>" ഡൊമിനിക് പ്രെസന്റേഷൻ,<br>" സണ്ണി ജോസഫ് | ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| എ) വിജിലൻസ് കേസുകൾ സമയബന്ധിതമായി പൂർത്തിയാക്കാൻ എന്തെല്ലാം കർമ്മപരിപാടികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്; വിശദമാക്കുമോ; | എ) 20.9.2014 ലെ സ.ഉ(എം.എസ്) നം 30/14/വിജി നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 2 അഡീഷണൽ ലീഗൽ അഡ്വൈസർ തസ്തിക പുതിയതായി സൃഷ്ടിക്കുകയും നിയമനം നടത്തുകയും ചെയ്തിട്ടുണ്ട്. ഇതിനുപുറമേ രണ്ട് വിജിലൻസ് കോടതികൾ മൂവാറ്റുപുഴയിലും (എറണാകുളം ജില്ല) തലശ്ശേരിയിലും (കണ്ണൂർ ജില്ല) കൂടുതലായി അനുവദിക്കാൻ തത്വത്തിൽ സർക്കാർ തീരുമാനമായിട്ടുണ്ട്. കൂടാതെ നിലവിലുള്ള രണ്ട് ഗവൺമെന്റ് പ്ലീഡർമാരെ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുമായി ബന്ധപ്പെട്ട ഹൈക്കോടതി അപ്പീൽ ഉൾപ്പെടെയുള്ള വിഷയങ്ങൾക്ക് മാത്രമായി നിയോഗിക്കുവാൻ അഡ്വക്കേറ്റ് ജനറലിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. |

| | |
|---|---|
| ബി) ഇതിനായി നിയമ ഭേദഗതി വരുത്തുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം; | ബി) നിലവിലെ അഴിമതി നിരോധന നിയമത്തിൽ തന്നെ അഴിമതിക്കേസുകളുടെ വിചാരണ പ്രതിദിനം നടത്തണമെന്നും പ്രതിയുടേയോ പ്രതിക്കുവേണ്ടി ഹാജരാകുന്ന അഭിഭാഷകന്റെ അഭാവത്തിലോ വിചാരണ വിഘ്നം കൂടാതെ നടത്തണമെന്നും അനുശാസിക്കുന്നുണ്ട്. അതിനും പുറമേ വിചാരണ കോടതിയുടെ നടപടിയെ സംബന്ധിച്ച് റിവിഷൻ ഹർജി നിലവിലുള്ള സാഹചര്യം ഉണ്ടായാൽ പോലും കേസിന്റെ വിചാരണ മാറ്റിവയ്ക്കാൻ പാടില്ലെന്നും പ്രസ്തുത നിയമത്തിൽ പ്രതിപാദിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ ഒരു നിയമ ഭേദഗതിയുടെ ആവശ്യം സർക്കാരിന്റെ പരിഗണനയിലില്ല. |
| സി) വിജിലൻസ് കേസുകൾ സമയബന്ധിതമായി പൂർത്തിയാക്കാൻ പുതിയ വിജിലൻസ് കോടതികളും ഹൈക്കോടതിയിൽ സ്പെഷ്യൽ ബെഞ്ചും ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ;<br>ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ വ്യക്തമാക്കുമോ? | സി & ഡി<br>സംസ്ഥാനത്ത് 2 പുതിയ വിജിലൻസ് കോടതികൾ രൂപീകരിക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. അഴിമതി നിരോധന നിയമപ്രകാരമുള്ള കേസുകളിന്മേലുള്ള അപ്പീലുകൾ പരിഗണിക്കുന്നതിനായി ഹൈക്കോടതി പ്രത്യേക ബഞ്ച് 27.01.2014 മുതൽ പ്രാബല്യത്തിൽ രൂപീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.